പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1752 03.05.2017 ൽ മറുപടിയ്ക്ക്

ഭക്ഷ്യവില നിയന്ത്രണ സെൽ

ചോദ്യം
ശ്രീ. എ. എൻ. ഷംസീർ :

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യവില നിയന്ത്രണ സെൽ രൂപീകരിച്ചിട്ടുണ്ടോ; | (എ) | രൂപീകരിച്ചിട്ടില്ല. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | എങ്കിൽ വിലനിയന്ത്രണം കൊണ്ടുവരാൻ എന്തൊക്കെ കാര്യങ്ങൾ ആണ് കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യു വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 |

| | | | |
|---|---|---|---|
| | | | മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി./ മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ